MAWAQ


# മവാഖ്
ത്രൈമാസ ബുള്ളറ്റിൻ

മർഹമ
MUTUAL HELPING PROGRAM
പ്രവാസ ജീവിതത്തിന് വിരാമമിട്ട് നാടണയുമ്പോൾ മവാഖിൽ നിന്നുമൊരു സ്നേഹസ്പർശം...

For private circulation only. | ഒരു മവാഖ് പ്രസിദ്ധീകരണം | April 2021

State of Qatar

COVID-19 VACCINE



ഖത്തർ ഗവൺമെൻറ് COVID-19 വാക്സിനേഷൻ വിതരണത്തിൽ സഹകരിക്കുക.

പ്രതിരോധം തീർത്ത് മഹാമാരിയെ തുരത്താൻ ഖത്തറിന്റെ ശ്രമങ്ങളിൽ പങ്കാളികളാവുക.

## അകത്താളുകളിൽ...


വ്രതം അനുഷ്ഠാനത്തിന്റെ ആത്മസാരം ........ 01
നസീർ മദനി — ലേഖനം


മണിയൂരിലെ സ്ത്രീശാക്തീകരണവഴികൾ ........ 03
ഹഫ്സത്ത് കുന്നത്തുകര — ലേഖനം


വെളിച്ചമായ് മവാഖ് ........ 03
പ്രൊഫ: മുഹമ്മദ് സലീം — ലേഖനം


അപൂർവം ചിലർ ........ 04
സമീറ നൗഷാദ് — കഥ


തത്‌വീർ ഖുർആൻ പഠനപദ്ധതി ........ 05
സിറാജുദ്ദീൻ — ലേഖനം


വിധവ സംരക്ഷണം ........ 05
റബിയ സലാം — ലേഖനം


പ്രവാസം പതിറ്റാണ്ട് പിന്നിടുമ്പോൾ ........ 05
മുനീർ എംപി — ലേഖനം


തത്‌വീർ ഖുർആൻ പദ്ധതിയുടെ മാധുര്യം ........ 06
ഹവ്വ ഷഹന — ലേഖനം

## മവാഖ് അംഗത്വ ക്യാമ്പയിൻ

സഹോദരന്മാരെ

2021 ലെ മവാഖ് മെമ്പർഷിപ്പ് ക്യാമ്പയിൻ ആരംഭിച്ചിരിക്കുകയാണ്. മവാഖ് പ്രവർത്തനപന്ഥാവിൽ രണ്ട് പതിറ്റാണ്ട് തികക്കുകയാണ്. ഖത്തറിലെ മണിയൂർ വാസികളോടൊപ്പവും നാട്ടിലെ നിവാസികൾക്കും ഒരുപോലെ തണൽ തീർത്ത 20 വർഷത്തെ കർമ്മോത്സുകത... രോഗി - അഗതി സംരക്ഷണം... വിധവ-യത്തീം ആശ്വാസം, അംഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ, ആയിരക്കണക്കിന് കുട്ടികൾക്ക് ഉന്നത പഠനത്തിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി... ഇനിയും തുടരുന്ന സേവനസന്നദ്ധത. 13 വർഷത്തോളമായി ഉലമ-ഉമറ സമാശ്വാസം തീർത്ത് ജൈത്രയാത്ര തുടരുകയാണ്...

മാർച്ച് 26 മുതൽ ജൂൺ 30 വരെ മവാഖ് അംഗത്വം, മർഹമ ക്യാമ്പയിൻ. ഏവരും അംഗമാവുക. നാടിനും നമുക്കും വേണ്ടി മവാഖിനൊപ്പം.



## അഹ്‌ലൻ മവാഖ്

ഖത്തറിൽ പുതുതായി എത്തിച്ചേരുന്ന മണിയൂർ നിവാസികൾക്ക് വേണ്ടി...

ഓറിയന്റേഷനോടൊപ്പം ഒരു സ്നേഹോപഹാരകിറ്റ് കൂടെ നൽകാനുള്ള പുതിയ പദ്ധതി ഉടൻ ആരംഭിക്കുന്നു.

# വ്രതം അനുഷ്ഠാനത്തിന്റെ ആത്മസാരം

### നസീർ മദനി



വീണ്ടും ഒരു റമദാൻ കൂടി, ഇതൊരുപക്ഷേ നമ്മുടെ അവസാനത്തെ അവസരമാവാം, വേണ്ടവിധം ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ പിന്നീട് ദുഃഖിക്കേണ്ടി വരും. ക്ഷണികമായ മനുഷ്യായുസ്സ് പോലെ ക്ഷണത്തിൽ മൊട്ടിട്ട് കൊഴിഞ്ഞുപോകുന്ന പരിമിതമായ ദിനങ്ങൾ മാത്രമേ ഈ പുണ്യമാസത്തിൽ നമ്മുടെ മുൻപിലുള്ളൂ. സ്വർഗ്ഗവാതിലുകൾ മലർക്കെ തുറന്നിട്ട് നന്മ തേടുന്നവരെ മാടിവിളിക്കുന്ന, നരക വാതായനങ്ങൾ കൊട്ടിയടച്ചു പൈശാചിക പ്രേരണകളിൽ നിന്ന് മുക്തമാക്കാൻ അവസരമൊരുക്കുന്ന പുണ്യങ്ങളുടെ ഈ വ്രതമാസത്തിന് നിറഞ്ഞ മനസ്സോടെ, സസന്തോഷം സ്വാഗതമരുളാൻ കഴിയേണ്ടതുണ്ട്. റമദാൻ വ്രതാനുഷ്ഠാനം കേവലം ജഡികമായ അനുഷ്ഠാനമാവാതിരിക്കാൻ, പ്രകടനപരതക്കപ്പുറം ആത്മവിശുദ്ധി സാക്ഷാത്കരിക്കാൻ വേണ്ടതെന്താണ്?.

കർമ്മങ്ങളുടെ പ്രഭവകേന്ദ്രവും, പ്രവർത്തനങ്ങൾ അഖിലവും നിയന്ത്രിക്കുന്നതുമായ മനുഷ്യ മനസ്സിന്റെ ഭക്തിനിർഭരമായ സൂക്ഷ്മതാ ബോധമാണ് (തഖ്‌വ) വ്രതത്തിന്റെ ലക്ഷ്യം. വ്രതം വിശ്വാസിയെ അടിമുടി പരിവർത്തിപ്പിക്കുന്നു, ചിന്തകളെയും വികാരങ്ങളെയും വിമലീകരിക്കുന്നു, നോക്കും വാക്കും നന്നാക്കുന്നു, നടപ്പും കർമ്മങ്ങളും നിയന്ത്രിക്കുന്നു. ആത്മപീഢയിലൂടെ, ഭക്ഷണ നിയന്ത്രണത്തിലൂടെ കേവലം ശാരീരികാരോഗ്യ സംരക്ഷണത്തിനുള്ള മാർഗമല്ല ഇസ്‌ലാമിലെ വ്രതം. ദേഹേച്ഛകളുടെ അടിമത്വത്തിൽ നിന്നും, ആസക്തികളുടെ തടവറയിൽനിന്നും, ഉദരത്തിന്റെ ആധിപത്യത്തിൽ നിന്നും, വിമോചനം നേടി മനസ്സിനെ നിയന്ത്രിക്കാനുള്ള പരിശീലനമാവണം വ്രതം. മുഖ്യശത്രുവായ പിശാചിനെ ആത്മ നിയന്ത്രണത്തിലൂടെ അതിജയിക്കാനുള്ള പരിശീലനം. വിഭവങ്ങളെന്താവട്ടെ, ചെലവഴിക്കുമ്പോഴെല്ലാം ധൂർത്തില്ലാതെ മിതത്വം പാലിച്ചും സമയം കൊല്ലികളായ അനാവശ്യങ്ങളിൽ




നിന്നും, നിരർത്ഥകവിനോദങ്ങളിൽ നിന്നും വിട്ടു നിന്നും പിശാചിനോട് പൊരുതി നേടണം തഖ്‌വ. അനുവദനീയമായവ പോലും നിശ്ചിതസമയം വരെ വെടിയുന്നതിലൂടെ നേടുന്ന ആത്മനിയന്ത്രണം, പലിശ, കൈക്കൂലി, അനാഥകളുടെ ധനം തുടങ്ങിയ നിഷിദ്ധ സമ്പാദ്യങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ പ്രേരകമാവണം.

ശരീരത്തിലെ അവയവങ്ങളെല്ലാം സൂക്ഷ്മതാ ബോധത്തിൽ (തഖ്‌വ) അധിഷ്ഠിതമാവണം, നിഷിദ്ധങ്ങൾ കാണാതിരിക്കലാണ് കണ്ണിന്റെ (തഖ്‌വ). ആസ്വാദ്യകരമാണെങ്കിലും പലതിനു നേരെയും കണ്ണടക്കുന്നതിലൂടെ, കാഴ്ചയാകുന്നത മഹാ അനുഗ്രഹം നൽകിയ പടച്ച റബ്ബിന് നന്ദി കാണിക്കാൻ കഴിയണം. നാവും വയറും കയ്യും കാലും... എല്ലാം എല്ലാം സൂക്ഷിക്കണം. നന്മകളാൽ പാപങ്ങളെ കരിച്ചു കളയാനുള്ള മാസമാണ് റമദാൻ, ഇതരന്റെ മനസ്സിനും കാതിനും ഹൃദ്യമായ കുളിർ പകരുന്ന നല്ല വാക്കുകൾ ധർമ്മം ചെയ്യുന്നവരാവാം നമുക്ക്.

മനസ്സിന് ഭക്തിയും ശാന്തിയും പരിശുദ്ധിയും ആത്മീയ ചൈതന്യവും നൽകുന്ന, ആരാധനകളുടെ അന്തസത്തയും ആത്മാവുമായ 'ദൈവസ്മരണ' കൊണ്ട് നനവുള്ള നാവും ദീപ്തമായ ഖൽബും കൂടിയാവുമ്പോൾ വ്രതത്തിന്റെ ആത്മസാരം കരഗതമാകുന്നു. കളവും അക്രമവും അധർമ്മങ്ങളും, ലഹരി, കലഹം, വ്യഭിചാരം തുടങ്ങിയ നിഷിദ്ധങ്ങളും വെടിഞ്ഞുകൊണ്ട് മാത്രമേ ദൈവസാമീപ്യം നേടാനാവൂ. ക്ഷമയും സഹനവും കൈമുതലാക്കി, വെറുപ്പും പകയും അസൂയയും കൈവെടിഞ്ഞു, സ്നേഹവും കരുണയും നീതിനിഷ്ഠയും കാത്തു സൂക്ഷിച്ചുകൊണ്ട്, സ്വഭാവശുദ്ധിയുള്ളവരാകുമ്പോഴേ വ്രതത്തിന്റെ അന്തസാരം യാഥാർഥ്യമാകൂ. അല്ലാഹുവിൻറെ നിശ്ചയത്തിന് അനുസൃതമായി ശീലങ്ങൾ മാറ്റാനും മൂന്ന് നേരത്തെ ഭക്ഷണം രണ്ടുനേരമാക്കി, ഉറക്കം, ഉണരൽ തുടങ്ങി ദിനചര്യയുടെ ശീലങ്ങൾ വെടിയാനും തയ്യാറായ നമുക്ക് സമൂഹത്തിൻറെ ആരോഗ്യവും സമ്പത്തും ദുർവ്യയം ചെയ്തു നശിപ്പിക്കുന്ന ശീലങ്ങളിൽ നിന്നൊക്കെ വിട്ടു നിൽക്കാൻ കഴിയുന്നുണ്ടോ?

പറ്റില്ലെന്നു (NO) പറയൽ അനിവാര്യമായിടത്ത് അതു പറയാൻ മടി കാണിക്കാതെയും, അതെ (YES) എന്ന് പറയേണ്ട അത്യാവശ്യഘട്ടങ്ങളിൽ, സാഹചര്യങ്ങൾ പ്രതികൂലമായാലും നിശ്ചയദാർഢ്യം ചോർന്നു പോകാതെ അതിനു സന്നദ്ധത കാണിക്കാൻ ശക്തനും, സ്വതന്ത്രനും, ധീരനും ആവുക എന്നതാണ് വ്രതത്തിലൂടെ നാം സ്വായത്തമാക്കേണ്ട ആത്മനിയന്ത്രണത്തിന്റെ ആത്മസാരം.

സമൂഹമനസ്സിനെ മലിനമാക്കുന്ന തിന്മയുടെ വക്താക്കളായ ദുശ്ശക്തികൾക്കെതിരെ പ്രതിരോധത്തിന്റെയും, അനാചാരങ്ങളുടെയും മാമൂലുകളുടെയും ശീലങ്ങളുടെയും തടവറകളിൽ നിന്ന് വിമോചനത്തിന്റെയും, വിത്ത് മുളപ്പിക്കാനുള്ള പാഠശാലയാണ് വ്രതം.

മാനവർക്ക് മാർഗദർശനവും, സത്യാസത്യങ്ങളും നന്മതിന്മകളും വിവേചനം നടത്താൻ മനുഷ്യനെ പ്രാപ്തനാക്കുന്നതുമായ, വിശുദ്ധ ഖുർആനിനെ മനസ്സിന്റെ ബൗദ്ധിക, വൈകാരിക തലങ്ങളെ സ്വാധീനിക്കും വിധം പഠന മനനം ചെയ്തു അനുധാവനം (തിലാവത്ത്) ചെയ്യുന്നതിലൂടെ ദൈവിക വചനമാകുന്ന ദിവ്യാത്ഭുതം ലഭിച്ചതിനുള്ള നന്ദി പ്രകടിപ്പിക്കേണ്ടതുണ്ട്. നാം അറിയാത്തത് നമ്മെ പഠിപ്പിക്കുന്ന, നാം വിസ്മരിച്ച പലതും ഓർമ്മപ്പെടുത്തുന്ന ഹൃദയവസന്തവും, ആത്മീയ പ്രകാശവും, വ്യഥകളകറ്റി മനസ്സിന് സമാധാനം നൽകുന്നതുമാണ്- ഖുർആൻ.

ഇണകളെയും മക്കളെയും കണ്ണിന് കുളിർമയേകുന്നവരാക്കാനും, നമ്മെ ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് മാതൃകയാക്കാനും കഴിയുംവിധം കുടുംബത്തെ നബിചര്യയുടെ മൂശയിൽ വാർത്തെടുക്കാനുള്ള ശില്പശാലയും, ദൃഢവിശ്വാസികളായ, ഭക്തിയും സൂക്ഷ്മതയും ആരാധനാനിഷ്ഠയും പാലിക്കുന്ന സഹജീവികളോട് സഹജഭാവത്തിൽ വർത്തിക്കുന്ന, വ്യക്തിബന്ധങ്ങൾ ആനന്ദകരവും കുടുംബബന്ധങ്ങൾ സുദൃഢവുമാക്കുന്ന, ഉള്ളും പുറവും നന്നായ വ്യക്തികളെ സൃഷ്ടിക്കുന്ന പരിശീലനക്കളരിയും, വ്യക്തികൾ തമ്മിലുള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരത്തിനും, ഇതരന്റെ ആവശ്യങ്ങളും പ്രശ്നങ്ങളും അന്വേഷിച്ചറിഞ്ഞു ആശ്വാസം പകരാനുള്ള വേദിയും ആവണം വ്രതകാലം.

സമയ നിഷ്ഠയോടെ കഴിവതും സംഘടിതമായി തന്നെ നമസ്കാരം നിലനിർത്താനും, നല്ല മനസ്സോടെ ഉത്തമമായ ദാനധർമ്മങ്ങളാൽ നരകാഗ്നിയിൽ നിന്നും രക്ഷനേടാനും നമുക്ക് കഴിയണം. പ്രാർത്ഥിക്കുന്നവന്റെ വിളികേട്ട് ഉത്തരം നൽകാൻ കഴിയും വിധം നമ്മുടെ തൊട്ടടുത്തുള്ളവനാണ് അല്ലാഹു എന്നും, അവനോട് മാത്രം അവനിൽ വിശ്വാസമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കണം എന്നും ഖുർആൻ വ്രതത്തെ പറ്റി പ്രതിപാദിക്കുന്നതിനോട് ചേർത്തു പറഞ്ഞതിനാൽ തന്നെ നമുക്കും മറ്റുള്ളവർക്കും ഇഹപര രക്ഷക്കായി, ആഗ്രഹ സഫലീകരണത്തിന് വേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നവരാവണം നാം.

അവസാന നാളുകളിൽ അരയും തലയും മുറുക്കി നിർണയ രാവിന്റെ പുണ്യം പ്രതീക്ഷിച്ച് തിരക്കുകളിൽ നിന്നകന്ന് അള്ളാഹുവിനോടൊപ്പം ഒഴിഞ്ഞിരുന്ന് ആത്മവിചാരണ യിലൂടെ, പാപമോചനത്തിലൂടെ, പശ്ചാത്താപത്തിലൂടെ വ്രതത്തിന്റെ ദിനരാത്രങ്ങൾ സജീവമാക്കി ആത്മസാക്ഷാത്കാരം നേടി സായൂജ്യമടയാൻ നമുക്ക് തീർച്ചയായും കഴിയണം.

ദേഹേച്ഛയെയും ആസക്തിയെയും അതിജീവിച്ച് ഭയത്തെയും ഭീരുത്വത്തെയും കീഴ്പ്പെടുത്തി തന്റെ ഹൃദയവും മുഖവും ജീവിതവും മരണവും റബ്ബിന് സമർപ്പിച്ച് വികാരത്തിനും സമ്പത്തിനും ലഹരിക്കും.... തുടങ്ങി പലതിനും അടിമയാവാതെ അല്ലാഹുവിന്റെ മാത്രം അടിമയായിരിക്കാൻ കഴിഞ്ഞാൽ നമുക്ക് വിജയിക്കാം.

നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്ന, നാം കൈവിട്ടുപോയ, നമ്മിൽ നിന്ന് മറഞ്ഞു കൊണ്ടിരിക്കുന്ന ഇസ്ലാമിക വിശ്വാസത്തെയും, ആചാരാനുഷ്ഠാനങ്ങളെയും പരിശീലിക്കാനും പ്രയോഗവൽക്കരിക്കാനും, കൂട്ടി പിടിക്കാനും നമുക്ക് കഴിയുന്നിടത്താണ് വ്രതത്തിന്റെ ആത്മ സാരം കുടികൊള്ളുന്നത്. ദൈവപ്രീതിയുടെ വഴിയിലുള്ള തടസ്സങ്ങളെയും, നിഷിദ്ധങ്ങൾ വെടിയുന്ന വേളകളിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയും അതിജീവിക്കുന്നതിന് നമുക്ക് ക്ഷമയുടെ വ്രതകാലം തുണയാവണം.

ഓരോ ദിവസത്തെയും വ്രതം അവസാനിപ്പിക്കുന്ന വേളയിലും, നാളെ വിചാരണ നാളിൽ ദൈവസന്നിധിയിൽ സന്നിഹിതനാകുമ്പോഴും സന്തോഷിക്കാനും ആനന്ദിക്കാനും കഴിയും വിധം അല്ലാഹുവിന് മാത്രമുള്ള വ്രതത്തിന്റെ അവൻ തന്നെ നൽകുന്ന മഹത്തായ പ്രതിഫലം നമുക്കും ലഭിക്കേണ്ടതുണ്ട്. പ്രതീക്ഷകളോടെ പ്രാർത്ഥനയോടെ മുന്നോട്ട്. ■




MAWAQ
Career guidance & Information Center

MICROSOFT EXCEL
ADVANCE COURSE

മവാഖ് സംഘടിപ്പിക്കുന്ന സൗജന്യ MICROSOFT EXCEL ADVANCE COURSE, പ്രഗത്ഭനായ പരിശീലകന്റെ ശിക്ഷണത്തിൽ നടത്തപ്പെടുന്നു. നിങ്ങളുടെ കരിയർലൈഫിന് വളരെയേറെ ഉപകാരപ്പെട്ടേക്കാവുന്ന ഒരു പരിശീലന പരിപാടി.

# മണിയൂരിലെ സ്ത്രീശാക്തീകരണ വഴികൾ



**ഹഫ്സത്ത് കുന്നത്തുകര**

“ഒരു ദേശത്തിന്റെ പുരോഗതി എന്നു പറയുന്നത് സ്ത്രീയിലൂടെയാണ്, അതുകൊണ്ട് തന്നെ അവർക്ക് ഉയർന്ന വിദ്യാഭ്യാസവും തൊഴിലവസരവും നൽകുക”- മഹാത്മ ഗാന്ധിജിയുടെ ഈ വാക്കുകൾ മനസ്സിൽ പ്രതിഷ്ഠിച്ചു കൊണ്ട് നമുക്ക് ‘മണിയൂരിലെ സ്ത്രീശാക്തീകരണം’ എന്ന വിഷയത്തിലേക്ക് കടക്കാം. മണിയൂരിലെ ഒരോ സ്പന്ദനങ്ങളും അറിയുന്ന മണിയൂരിലെ പരശ്ശതം അശരണർക്കും അഗതികൾക്കും കൈത്താങ്ങായി കൂടെ നിൽക്കുന്ന ‘മവാഖ്’, പോലെയുള്ള സംഘടന സ്ത്രീ ശാക്തീകരണം എന്ന വിഷയത്തിന് കൂടുതൽ ഊന്നൽ കൊടുത്ത് അതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നുവെന്നറിഞ്ഞതിൽ അതിയായി സന്തോഷം തോന്നുന്നു. അതിലേക്ക് ഈ എളിയവളുടെ കുറിപ്പ് ക്ഷണിച്ചതിൽ മവാഖിന്റെ പ്രവർത്തക എന്ന നിലയിൽ അഭിമാനിക്കുകയും ചെയ്യുന്നു.

മണിയൂരിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ നമ്മുടെ നാട്ടിലെ പെൺകുട്ടികൾക്ക് ഇന്നത്തെ പരിതസ്ഥിതിയിൽ നല്ല വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെങ്കിലും അവരിൽ തൊഴിൽ ചെയ്യുന്നവർ വളരെ കുറവാണ്. മാത്രമല്ല, വിവാഹത്തോടെ പഠനം പാതിവഴിയിൽ നിർത്തുന്ന പ്രവണതയും വളരെ കൂടുതലാണ്. അതുകൊണ്ട് തന്നെ നമ്മുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെയും സ്വന്തമായി ഒരു വരുമാനമുണ്ടാകണമെന്ന ആവശ്യകതയെകുറിച്ചും ബോധവാന്മാരാക്കണം. മികച്ച നിലവാരത്തിലുള്ള ബോധവത്ക്കരണ ക്ലാസിലൂടെ ഇത് സാധ്യമാക്കാൻ കഴിയും. അതുപോലെ തന്നെ പെൺകുട്ടികൾക്ക് അനുയോജ്യമായ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ കുറിച്ചും അവർക്ക് അവബോധം നൽകുന്നത് നന്നായിരിക്കും. ഇതോടൊപ്പം പെൺമക്കളുള്ള രക്ഷിതാക്കൾക്കും നല്ല പ്രായോഗികമായ ഉത്ബോധനങ്ങളും നൽകണം. തന്റെ മക്കളെ നല്ല ജോലിയുള്ള ഒരുത്തനെ കെട്ടിക്കുക എന്നതിലുപരി നല്ല ജോലിയുള്ള ഒരുവളാക്കുക എന്ന് ചിന്തിക്കാൻ രക്ഷിതാക്കളെ നമുക്ക് ഉത്ബുദ്ധരാക്കണം. കൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികളെ കണ്ടെത്തുകയും അവരുടെ ഉന്നതവിദ്യാഭ്യാസത്തിന് വേണ്ട സഹായങ്ങൾ ചെയ്ത് കൊടുക്കാൻ നമുക്ക് ശ്രമിക്കാം ഇൻഷാ അല്ലാഹ്.

അതുപോലെ തന്നെ മവാഖ് നടത്തിവന്നിരുന്ന പ്രീ-മാരിറ്റൽ ക്ലാസുകളുടെ ആവിശ്യകത വർദ്ധിച്ച് വരുന്ന ഒരു സാഹചര്യവും നമ്മുടെ നാട്ടിലുണ്ട്. കഴിഞ്ഞ ആഴ്ച നമ്മുടെ നാട്ടിലെ വിവാഹിതയായ ഒരു പെൺകുട്ടി രക്ഷിതാക്കൾ അറിയാതെ ന്യൂജൻ ചെറുപ്പക്കാരനൊപ്പം, സോഷ്യൽ മീഡിയ പരിചയത്തിന്റെ പേരിൽ ഇറങ്ങിതിരിച്ചത് മൂല്യാധിഷ്ഠിത കുടുംബ ജീവിതബോധ്യത്തിന്റെ അഭാവമാണ്. വൈവാഹിക ജീവിതത്തെ കുറിച്ചും ജീവിത ലക്ഷ്യത്തെകുറിച്ചും കുടുംബ ജീവിതത്തിൽ പാലിക്കേണ്ട അച്ചടക്കത്തെ കുറിച്ചും നമ്മുടെ പെൺകുട്ടികൾക്ക് പ്രായോഗിക വിദ്യാഭ്യാസം പകരേണ്ടതുണ്ട്. സൈബർ ലോകത്തിന്റെ ചതിക്കുഴികളിൽ നിന്ന് നമുക്ക് അവരെ രക്ഷിച്ചെടുക്കണം. സൈബർ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ക്ലാസുകൾ സംടിപ്പിക്കുന്നത് നന്നായിരിക്കും.

നമ്മുടെ നാട്ടിൽ മാനസിക സംഘർഷങ്ങൾ മുലം ബുദ്ധിമുട്ടുന്ന ഒരുപാട് സാധാരണ സ്ത്രീകൾ ഉണ്ട്. എല്ലാ സൗകര്യങ്ങൾക്കു നടുവിലും ഒറ്റപ്പെടൽ അനുഭവിക്കുന്ന അവർക്ക് കൂട്ടാവാൻ നമുക്ക് കഴിയണം. നല്ല നല്ല കൗൺസിലിംഗുകളും ഒത്തുചേരലുകളും സംഘടിപ്പിക്കുന്നതിലൂടെ അവരെ നമുക്ക് കൂടെ നിറുത്താൻ കഴിയും എന്ന് വിശ്വസിക്കുന്നു.

മണിയൂരിലെ വിധവകൾക്ക് വേണ്ടി മവാഖ് ഒരപാട് കാര്യങ്ങൾ ചെയ്ത് വരുന്നുണ്ട്. വിധവാ പെൻഷനും വിധവാ സ്വയംതൊഴിൽ പദ്ധതികളൊക്കെ മവാഖിന്റെ വിജയകിരീടത്തിലെ പൊൻതൂവലുകളാണ്. അതിന്റെ കൂടെ അവർക്ക് താത്പര്യമുള്ളവർക്ക് പുനർവിവാഹം എന്ന ആശയം കൂടി മുന്നോട്ട് വെക്കണമെന്ന് ആഗ്രഹിക്കുന്നു. വളരെ ചെറുപ്പത്തിൽ നിറം മങ്ങിപോയ ജിവിതങ്ങൾക്ക് വർണ്ണം നൽകാൻ നമുക്ക് സാധിച്ചാൽ അതൊരു വലിയ കാര്യമല്ലേ. ഇൻഷാഅല്ലാഹ് നാഥൻ തുണക്കട്ടെ. ആമീൻ.

അതുപോലെ തന്നെ വീട്ടിൽ വെറുതെ ഇരിക്കുന്ന കുടുംബിനികൾക്ക് സ്വയം തൊഴിൽ പരിശീലനങ്ങൾ, ഇടയ്ക്കിടക്ക് ഒത്തുചേരലുകൾ, ചെറിയ ചെറിയ കുടുംബ യാത്രകൾ, ഒപ്പം സ്ത്രീകളിൽ വർദ്ധിച്ച് വരുന്ന ജീവിതശൈലീ രോഗങ്ങളെ കുറിച്ചും ആരോഗ്യ ജാഗ്രത കൈവരിക്കാനുള്ള ആവശ്യകതയെ കുറിച്ചും സമയബന്ധിതമായി ക്ലാസുകൾ നൽകുക എന്നതും അനിവാര്യമാണ്. ഇത്തരം പുത്തനുണർവ്വ് സമൂഹത്തിന്റെ പുനഃസൃഷ്ടിയിൽ അനൽപമായ പങ്കുവഹിക്കുക തന്നെ ചെയ്യും. ഇവിടെയാണ് മഹാത്മാവിന്റെ വാചകങ്ങൾ അന്വർത്ഥമാവുന്നത്.

പ്രധാനമായും ഇതിനൊക്കെ വേണ്ടി പ്രവർത്തിക്കാൻ ശക്തരായ അർപ്പിതമായ സ്ത്രീ വളണ്ടിയേഴ്സിനെ നമ്മൾ നമ്മുടെ പ്രദേശങ്ങളിൽ നിന്നും കണ്ടെത്തണം. മവാഖിന്റെ കൂടെ നിന്ന് നിസ്വാർത്ഥരായി പ്രവർത്തിക്കുന്ന ലീഡർഷിപ്പ് ക്വാളിറ്റിയുള്ള കുറച്ചുപേരെയാണ് നമുക്ക് ആവശ്യം. ഇപ്പോൾ നമ്മുടെ കൂടെ ഊർജ്ജസ്വലരായ ഒരുപാട് പേർ ഉണ്ടെങ്കിലും അവരോട് ഒപ്പം നിൽക്കാൻ, നാടിന്റെ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കാൻ പുതുതലമുറയെ നമ്മൾ സജ്ജരാക്കണം. ‘നാടിനുവേണ്ടി മവാഖിനൊപ്പം’ എന്ന ആശയം ആളുകളിൽ നിന്ന് ആളുകളിലേക്ക് പടരട്ടെ. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും നാഥൻ സ്വാലിഹായ അമലായി സ്വീകരിക്കട്ടെ. ആമീൻ. മവാഖിന് ഹൃദയത്തിന്റെ ഭാഷയിൽ എല്ലാ മംഗളങ്ങളും നേരുന്നു. ■




# വെളിച്ചമായ് മവാഖ്

**പ്രൊഫ: മുഹമ്മദ് സലീം കെ.സി**

വ്യത്യസ്തമായ കാര്യങ്ങൾ ചെയ്യുമ്പോഴല്ല നമ്മൾ വെളിച്ചമാകുന്നത്, മറിച്ചു കാര്യങ്ങളെ വ്യത്യസ്തമായി സമീപിക്കുമ്പോഴാണ്. ഒരുകൂട്ടം ആളുകൾ അങ്ങ് അറേബ്യയുടെ മണലാരണ്യത്തിൽ സ്വന്തമായി ജ്വലിച്ചു, കുടുംബത്തിനും നാടിനും പ്രകാശം നൽകുന്ന കഥയാണ് മവാഖിനു പറയാനുള്ളത്. “നിങ്ങൾ പോകുന്ന എല്ലായിടത്തും വെളിച്ചം വ്യാപിപ്പിക്കുക, നിങ്ങളുടെ അടുത്തുനിന്നും മടങ്ങുന്ന ആരും സന്തോഷത്തോടെ അല്ലാതെ തിരിച്ചു പോകരുത്, നിങ്ങളുടെ ചുറ്റുപാടിലെല്ലാം വെളിച്ചം വിതറുക” അതിരറ്റ സ്നേഹം കൊണ്ട് ലോക ജനതയ്ക്ക് സ്വാന്തനം നൽകിയ മദർ തെരേസയുടെ വാക്കുകളാണിവ. സ്വാതന്ത്ര്യലബ്ദിക്ക് ശേഷം പ്രതാപം മങ്ങിയ കൊൽക്കത്തയുടെ തെരുവുകളിൽ കുഷ്ഠരോഗത്തിന് അടിമപ്പെട്ടു നരകതുല്യ ജീവിതം നയിച്ചവർക്കിടയിൽ അവർ സ്നേഹത്തിന്റെയും സ്വാന്തനത്തിന്റെയും മാലാഖയായിരുന്നു.

സഹജീവികൾക്ക് താങ്ങും തണലുമായി രണ്ടു പതിറ്റാണ്ടു പിന്നിട്ട മവാഖിന്റെ വ്യത്യസ്ത വഴികളെ അടയാളപ്പെടുത്താൻ ഇതിലും നല്ല വാക്കുകളില്ല. ജീവിതത്തിന്റെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കാൻ സ്വന്തമായുള്ള എല്ലാ സന്തോഷങ്ങളും മാറ്റിവച്ചു മണലാരണ്യത്തിൽ കഷ്ടപ്പെടുന്നവർ, കുടുംബത്തെയും അതിലുപരി ജാതി-മത ഭേദ്യമന്യേ നാട്ടുകാരെയും സ്നേഹിക്കുന്നതു ഒരു പോരാട്ടമാണ്. ചാരിറ്റിയും സേവനങ്ങളും ഫാഷനും കച്ചവടവുമായി മാറിയ ഈകാലത്തു സഹജീവി സ്നേഹത്തിന്റെയും മനുഷ്യത്വത്തിൻറെയും പുതിയ വഴികൾ തുറക്കുകയാണ് മാവാഖ്. നടന്നു നീങ്ങിയ വഴികൾ മറക്കാത്ത ഒരുകൂട്ടം മനുഷ്യസ്നേഹികളുടെ ചിന്തയിൽനിന്നും കെട്ടിപ്പടുക്കപെട്ട ഒരു വിളക്കുമാടമാണത്. ഇങ്ങു നാട്ടിൽ സേവന തല്പരരായ ഒരുകൂട്ടം ചെറുപ്പക്കാർ ആ വിളക്കുമാടത്തിൽ നിന്നും തീപകർന്നുകിട്ടിയ ചൂട്ടുവീശി സദാസമയം വെളിച്ചം പകർന്നുകൊണ്ടേയിരിക്കുന്നു.



അനുഭവത്തിൽ നിന്നും അറിയാം രാപ്പകൽ ഗൾഫിൽ അധ്വാനിക്കുന്നതിന്റെ വേതനം പലർക്കും തന്റെയും കുടംബത്തിന്റെയും വിശപ്പുമാറ്റാനും മറ്റത്യാവശ്യങ്ങൾക്കുമായല്ലാതെ തികയില്ല. എന്നിരുന്നാലും നാടിനെകുറിച്ചുള്ള അവരുടെ സ്വപ്നങ്ങൾക്ക് സ്വന്തം അനുഭവങ്ങളുടെ കരുത്തുള്ളതുകൊണ്ടു ആരും തന്നെ പിന്മാറാൻ ഒരുക്കമില്ലായിരുന്നു. പണമുള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഭയാനകമാണ് . എന്നാൽ ഈ ഒരു വിടവ് സ്വന്തം ദേശത്തു എങ്ങിനെ മാറ്റിയെടുക്കാം എന്നുള്ളതായിരുന്നു മണിക്കൂറുകൾ നീളുന്ന ചർച്ചകൾ. ഈ ചർച്ചകൾ പിന്നീട് അപരന്റെ വേദനയെ നെഞ്ചോടു ചേർത്തുകെട്ടാൻ മവാഖിനെ പര്യാപ്തമാക്കി എന്ന് പറയാം.

ഇന്ന് അങ്ങ് ഖത്തറിലുള്ള മാവാഖും ഇങ്ങു നാട്ടിൽ സമാന്തരമായി പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് ആൻഡ് ഇൻഫർമേഷൻ സെന്ററും മണിയൂരിലെ യുവാക്കളുടെയും, വളർന്നു വരുന്ന കുരുന്നുകളുടെയും, യത്തീമുകളുടേയും, വിധവകളുടെയും സർവോപരി സാധുക്കളുടെയും പ്രിയപ്പെട്ട മാലാഖയാണ്. മണിയൂരിന്റെ സമസ്ത മേഖലകളിലും മാവാഖ് രണ്ടു പതിറ്റാണ്ടായി അതിന്റെ സാനിധ്യം അറിയിച്ചിട്ടുണ്ട്. തുടക്കത്തിൽ അതിനു ചുക്കാൻ പിടിച്ചത് എക്കോ മണിയൂരായിരുന്നു, പിന്നീട് “മഹല്ല് അവയർനെസ്സ് പ്രോഗ്രാം” ഒരു മുഴുവൻ സമയ കോർഡിനേറ്ററിലൂടെ പഞ്ചായത്തിലെ മുഴുവൻ മഹല്ലുകളിലും മവാഖിന്റെ സേവനങ്ങൾ ലഭ്യമായിട്ടുണ്ടായിരുന്നു. ഇന്നിതാ മണിയൂരിന്റെ നാൽകവലയായ കുറുന്തോടിയിൽ നമ്മുടെ സെന്റർ തലയുയർത്തിനിന്ന് ചുറ്റുപാടിനെ സേവിക്കുന്നു. ഒരുകൈ നല്കുന്നതു

മറ്റേക്കൈ അറിയരുതെന്നും അന്യന്റെ നേട്ടത്തിൽ നമ്മൾ അഹങ്കരിക്കരുത്, അത് അവന്റെകൂടെ പ്രയത്നത്തിന്റെ ഫലമാണ് എന്നീ വേദവാക്യങ്ങളുടെ പ്രചാരകരായി നമ്മൾ ഒരിക്കലും ഒന്നിന്റെയും പിതൃത്വം ഏറ്റടുക്കാത്തതിനാൽ നമ്മൾ എന്ത് നേടി എന്ന ചിന്തക്ക് പ്രസക്തിയില്ല. കാരണം ചിലവഴിച്ച ഓരോ ദിർഹവും സദക്കയാണ്.

ഭക്ഷണത്തേക്കാൾ ഏറെ, മരുന്ന് കഴിക്കുന്നവർ നമ്മൾക്കിടയിൽ ഒത്തിരിപ്പേരുണ്ട്, സങ്കേതിക പുരോഗതിയും മയക്കുമരുന്നും അടിമകളാക്കിയ യുവാക്കളുണ്ട്, പണക്കൊഴുപ്പിൽ ജീവിതലക്ഷ്യങ്ങൾ മറന്ന കുടുംബങ്ങളുണ്ട്, ഉന്നത ബിരുദങ്ങൾ കയ്യിലുണ്ടെങ്കിലും തൊഴിൽ ക്ഷമതയില്ലാത്തവരുണ്ട്, വേണ്ടരീതിയിലുള മാർഗനിർദേശങ്ങൾ ലഭിക്കാത്തതിനാൽ വഴിമാറി ഒഴുകുന്നവരുണ്ട്. തങ്ങളുടെ ചിന്തയെയും അതോടൊപ്പം യോഗ്യതകളെയും ആഗ്രഹങ്ങളെയും നാലു ചുവരുകൾക്കുള്ളിൽ അടച്ചിട്ട സഹോദരിമാരുണ്ട്, മറുവശത്തു ആശയങ്ങളുടെ പേരിൽ നമ്മൾ തന്നെ പരസ്പരം വാളെടുത്തു വെളിച്ചപ്പാടാവുന്നുണ്ട്. ഇതിന്റെ എല്ലാം മുകളിലായി വർഗീയ ഫാസിസ്റ് ശക്തികൾ വാളോങ്ങി നിൽക്കുന്നുണ്ട്. തിരിഞ്ഞു നോക്കുമ്പോൾ നേടിയതൊന്നും ഒന്നുമല്ല, മുന്നോട്ടുള്ള വഴികൾ പിന്നിട്ടതിനേക്കാൾ ദുഷ്കരമാണ്. ഇവരുടെയെല്ലാം പ്രതീക്ഷകൾ ആയി മാറാൻ നമുക്ക് സാധിക്കേണ്ടതുണ്ട്, ചിലതിനെല്ലാം ഉത്തരം നൽകേണ്ടിവരും.

രണ്ടു പതിറ്റാണ്ടായി പലരുടെയും ഇരുളടഞ്ഞ ജീവിതത്തിനു വെളിച്ചം വീശുന്ന മാവാഖ് മണിയുരിനു പ്രകാശം ചൊരിയുന്ന വിളക്കുമാടമായി അതിന്റെ യാത്ര തുടരേണ്ടതുണ്ട്. നന്മകൾക്ക് ഒപ്പം നിൽക്കാൻ മനസിന്റെ തീരുമാനങ്ങളെ മാത്രം ആശ്രയിക്കുന്ന ഖത്തറിലും നാട്ടിലുമുള്ള പ്രവർത്തകന്മാർക്കു ഈ സ്വപ്നങ്ങളെ അനായാസമായി പൂർത്തീകരിക്കാൻ സാധിക്കും. പതിറ്റാണ്ടുകളായി മാനുഷിക സേവനത്തിന്റെ രഥം ഉരുണ്ട ആ വഴികളിൽ ദൃഢനിശ്ചയത്തിന്റെ അവശേഷിപ്പുകൾ പതിഞ്ഞു കിടക്കുന്നുണ്ട്. ജീവിതം എന്താണ് അടയാളിപ്പെടുത്തുന്നത് എന്ന് ചോദിച്ചാൽ, നമുക്ക് എല്ലാവർക്കും പറയാൻ സാധിക്കണം അത് സമൂഹത്തിന്റെ ആവശ്യം കണ്ടറിഞ്ഞു ചെയ്യേണ്ടുന്ന സേവനമാണെന്ന്. അതിനായി ലക്ഷങ്ങളോ കോടികളോ കൈയിലുണ്ടാവേണ്ടതില്ല വേദനിക്കുന്ന മനസുകളെ തിരിച്ചറിയാനുള്ള തുറന്ന ഹൃദയങ്ങൾ മാത്രം മതി. ■

# അപൂർവം ചിലർ



**സമീറ നൗഷാദ്**

“റഷീദിന്റെ മോളെ രണ്ട് ദിവസം മുമ്പേ പെണ്ണുങ്ങൾ കാണാൻ വന്നിരുന്നല്ലോ ബഷീർക്കാ പിന്നീടൊന്നും അറിഞ്ഞില്ലാലോ”

“നിങ്ങൾ റഷീദിനെ കണ്ടിരുന്നോ?”

“രണ്ട് ദിവസായി ഞാൻ റഷീദിനെ കണ്ടിട്ട്.”

“അന്നെന്നോട് കണ്ടപ്പോൾ വിവരങ്ങളൊക്കെ പറഞ്ഞിരുന്നു”

“ഇന്നലെ അപ്പുറത്തെ വീട്ടിലെ റസിയ വന്നപ്പോൾ പറഞ്ഞിരുന്നു പെണ്ണുങ്ങൾ വന്ന വരവിന്റെ അതിശയങ്ങളൊക്കെ”

“എന്റെ റബ്ബേ”

“എന്തേ ജമീലാ ഇത്രമാത്രം അതിശയിക്കാൻ?

“അവിടുത്തെ ഒരു റൂമു മുഴുവനും അവരു കൊണ്ടുവന്ന ചോക്ലേറ്റും കേക്കും ഡ്രെസ്സും എന്നുവേണ്ട ഇനിയൊന്നും ഇല്ലത്രെ കൊണ്ടു വരാൻ.

പത്തുനൂറുപേർ വന്നിരുന്നൂന്നാ കേട്ടത്...”

“ആ നാടോടുമ്പോ നടുവോടാതെ അവനു പറ്റില്ലാലോ”

“കാലം അതല്ലേ”

“അവനെ കൊണ്ടാവുന്നത് പോലെയൊക്കെ ഡൈനിങ്ങ് ടേബിളിൽ നെരത്തി കാണും.

“എന്നാലും ഉള്ളതൊക്കെ നൊട്ടിപ്പെറുക്കി രണ്ട് പെൺകുട്ടികളെ അവൻ കെട്ടിച്ചത്. കെട്ടി കൊണ്ടുപോയത് ദീനും ദുനിയാവും ഉള്ളയിറ്റികളായോണ്ട് വലിയ പ്രയാസം അനുഭവിച്ചിട്ടല്ലായിരുന്നു.”

“അന്നൊന്നും ഇതുപോലത്തെ പൊങ്ങച്ച ക്കല്യാണം ഇല്ലാലോ ജമീലാ...”

“ഹാർട്ടിന്റെ അസുഖത്തിനോടുകൂടി കൂടിയല്ലേ റഷീദ് നാട് പിടിച്ചത്. അല്ലെങ്കിൽ ഇപ്പോഴും മരുഭൂമിയിൽ ചോരനീരാക്കുന്നുണ്ടാവുമായിരുന്നു പാവം”

“ആരോ കയറിവരുന്നുണ്ടല്ലോ ജമീലാ”

“അത് റഷീദ് ആണല്ലോ.”

“അസ്സലാമുഅലൈകും... വ അലൈകും സലാം വറഹ്മതുല്ലാഹി വബറകാതുഹു.”

“ഇപ്പൊ നിന്റെ കാര്യം പറഞ്ഞു നാവെടുത്തതേ ഉള്ളു റഷീദേ,

“നിന്നെ കാണാനിരിക്കയായിരുന്നു”

“വാ കയറിയിരിക്”

“ജമീല ചായയെടുക്ക്”

“കല്യാണത്തിന്റെ കാര്യമൊക്കെ എവിടം വരെയായി ?

“മോൾടെ പഠിപ്പ് കഴിഞ്ഞില്ലാലോ”

കല്യാണം ഉടനെ നടത്തുന്നുണ്ടോ, അവരെന്തു പറഞ്ഞു?

“ആ ബന്ധം നടക്കില്ല ബഷീർക്കാ...”

“എന്തുപറ്റി?

എല്ലാം ഉറപ്പിച്ചല്ലേ

പിന്മാറാനുള്ള കാരണം?”

“എന്റെ മോളെയും കൂട്ടി അവനു

കറങ്ങാൻ പോവണമത്രേ...

“ഞാൻ പറഞ്ഞു എന്നാൽ നമുക്ക് ഉടനെത്തന്നെ നികഹോ അല്ലെങ്കിൽ കല്യാണം തന്നെയോ നടത്തിക്കളയാമെന്ന്”

“അതിനിപ്പോ അവർക് കഴിയില്ലത്രേ പെങ്ങൾ ഗൾഫിന്നു വരണമത്രെ.

“അതിനു ഒരുകൊല്ലം കഴിയണം”

“എനിക്കിതൊന്നും അങ്ങാട്ട് ദഹിക്കുന്നില്ല ബഷീർക്കാ, ഞാൻ പറഞ്ഞു അവരോട് അങ്ങിനാണെങ്കിൽ ഒരുകൊല്ലത്തിനിടക്ക് കൂട്ടിപോക്കൊന്നും അനുവദിക്കുവാൻ കഴിയില്ലെന്ന് ഞാൻ തീർത്തുപറഞ്ഞു...”

“പിന്നീട് ഞങ്ങൾക്ക് വിവരം കിട്ടിയത് അവർ ഇതിൽ നിന്നും പിന്മാറി എന്നുള്ളതാണ്”

“അല്ലതെ ഞാനെന്താ വേണ്ടേ എന്റെ ബഷീർക്കാ...

ബാക്കിയുള്ള എല്ലാ വേണ്ടാതീനങ്ങളും കണ്ടില്ലെന്ന് നടിച്ചു. അതുപോലെ ഇതെനിക്ക് കഴിഞ്ഞില്ല ബഷീർക്കാ”

“ഇതുപോലെയുള്ള ഹറാമിലേക്ക് എന്റെ മോളെ ഞാൻ അനുവദിക്കണോ”

“അതെന്തായാലും നീയെടുത്ത തീരുമാനം വളരെ നന്നായി എന്നെ എനിക്ക് പറയാനുള്ളു റഷീദെ”

“നീയൊരു മാതൃകാ പിതാവുതന്നെയാ പ്രത്യേകിച്ചും ഇപ്പോഴത്തെ കാലത്ത്. നീ ധൈര്യമായിട്ടിരിക്ക്...”

“തിന്മയ്ക്ക് കൂട്ടുനിൽക്കാതിരിക്കാൻ നീ ഈ കാണിച്ച നല്ല മനസ്സിന് ഇതിലും നല്ല ബന്ധം പടച്ചോൻ നിന്റെ മോൾക് തരും....”

“ഇത്തരം തിന്മകൾക്ക് തടയിടാൻ നമ്മൾ ഓരോ പിതാക്കളും തന്നെ വേണം മുന്നോട്ട് വരാൻ”

“ഇപ്പൊ എനിക്ക് സമാധാനായി ബഷീർക്കാ, സമാധാനമായി. കുടിച്ചു തീർന്ന ചായക്കപ്പ് തിരികെ വെച്ചു. എന്നാൽ ഞാനിറങ്ങട്ടെ....”





MAWAQ BLOOD DONORS DIRECTORY

സുഹൃത്തേ...
ഒരു നിമിഷം,

നിങ്ങളുടെ രക്തം
ഒരു ജീവൻ രക്ഷിച്ചേക്കാം.
ഒരു തവണ രക്തം ദാനം
ചെയ്യുമ്പോൾ മൂന്ന് പേരുടെ
ജീവൻ രക്ഷിക്കാനായേക്കാം.

മവാഖ് ഒരുക്കുന്ന
ബ്ലഡ് ഡോണേഴ്സ്
ഡയറക്ടറിയിൽ നിങ്ങളും
അംഗമാവുക.

രക്തദാനം മഹാദാനം.

രക്തദാനത്തിനു
സന്നദ്ധരാണെങ്കിൽ
നിങ്ങളുടെ വിവരങ്ങൾ
നൽകുക.






# തത്‌വീർ ഖുർആൻ പഠന പദ്ധതി

**സിറാജുദ്ദീൻ**

2020 ഒക്ടോബർ മാസത്തിൽ ആരംഭിച്ച് 2021 മാർച്ച് മാസത്തോടെ തത്‌വീർ ഖുർആൻ പഠന പദ്ധതി ആദ്യ ബാച്ച് അവസാനിക്കുമ്പോൾ അത് മവാഖിന്റെ ചരിത്രത്തിൽ ഒരു നാഴിക കല്ല് കൂടിയാവുകയാണ്. ഖുർആനെ മാറോട് ചേർക്കുന്നതിൽ- പ്രവാസത്തിന്റെ തിടുക്കയാത്രയിൽ, സുമനസ്സുകളിൽ നന്മയുടെ അടയാളം കുറിക്കാൻ സാധിച്ചതിൽ റബ്ബിന് സ്തുതി അർപ്പിക്കുന്നു. അൽഹംദുലില്ലാഹ്... തികച്ചും ഒരു പുതിയ പഠനാനുഭവം ഖുർആൻ മനസ്സിലാക്കുന്നതിൽ പഠിതാക്കൾക്ക് സമ്മാനിച്ചു കൊണ്ട് പ്രിയപ്പെട്ട മജീദ് ഹുദവി ഉസ്താദിന്റെ, കൃത്യവും വളരെ നൂതനവും എളുപ്പവുമാർന്ന വഴികളിലൂടെ വിശുദ്ധ ഖുർആൻ പഠനം പഠിതാക്കൾക്ക് പുത്തനുണർവ്വ് നൽകുന്നു. പ്രായഭേദമന്യേ എല്ലാവരും ഒരുപോലെ നമ്മുടെ പഠനപദ്ധതി നെഞ്ചേറ്റി. വളരെ ലളിതമായി അറബിക് ഗ്രാമർ മനസ്സിലാക്കി തന്ന് ഏതാണ്ട് 90 ശതമാനവും ഖുർആൻ അർത്ഥസഹിതം മനസ്സിലാക്കാൻ ഉസ്താദിന്റെ ക്ലാസ് കൊണ്ട് നമുക്ക് സാധിച്ചു. കൃത്യമായ ക്ലാസ് വർക്കുകൾ, ചിട്ടയായി പ്രാക്ടീസ് ചെയ്തത് എളുപ്പത്തിൽ നമ്മുടെ കോഴ്സ് മുന്നോട്ട് കൊണ്ടുപോകുവാൻ സാധിച്ചു. വെള്ളിയാഴ്ച രാവിലെ എല്ലാവരും ഉറങ്ങുന്ന സമയത്ത് നമ്മുടെ ക്ലാസിനായി പഠിതാക്കൾ സമയം കണ്ടെത്തി. നാട്ടിലുള്ള സഹോദരി സഹോദരന്മാർ നമ്മുടെ ക്ലാസിന് വേണ്ടി കാത്തിരുന്നു. ഈ കോറോണ സാഹചര്യത്തിലും ഖുർആനെ നെഞ്ചോട് ചേർക്കാൻ നമ്മുടെ സഹോദരങ്ങൾ മറന്നില്ല. സഹോദരിമാരുടെ പഠനത്തിലുള്ള താത്പര്യം നമുക്ക് പ്രചോദനം തന്നെയാണ്.

ഈ പഠനപദ്ധതിക്ക് നമുക്ക് ക്ലാസ് എടുത്തു തന്ന മജീദ് ഹുദവി ഉസ്താദിനും നമ്മോട് സഹകരിച്ച പഠിതാക്കൾക്കും ഈ ക്ലാസ് ഒരുക്കി തന്ന മവാഖിനും ഒരിക്കൽ കൂടി നന്ദി അർപ്പിച്ച് കൊണ്ട് നാഥൻ നമ്മിൽ നിന്നും ഇത് സ്വീകരിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ■

# വിധവ സംരക്ഷണം



**റബിയ സലാം**

മവാഖിന്റെ പ്രവർത്തന മണ്ഡലത്തിലെ അതിമഹത്തായ ഒരു പ്രവർത്തിയാണ് വിധവകളുടെ സംരക്ഷണം എന്നത് എന്ന് ഞാൻ മനസിലാക്കുന്നു. മവാഖിന്റെ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ ഭാഗത്തു നിന്നും കാര്യമായി ഒന്നിനും ശ്രദ്ധ ചെലുത്തി യിരുന്നില്ല

എന്നാൽ വർഷങ്ങളായി നാട്ടിലെ വിധവകൾക്കും യത്തീം മക്കൾക്കും മവാഖ് സഹായം എത്തിക്കുന്നുണ്ടായിരുന്നു. 2019ൽ ഞങ്ങൾ വനിതകൾക് കിട്ടിയ ഒരു ടാസ്ക് ആയിരുന്നു ഈ കാര്യത്തിൽ വനിതാ കൂട്ടായ്മയ്ക്ക് എങ്ങിനെ സഹായിക്കാൻ കഴിയുമെന്നുള്ളത്. ശരിക്കും നല്ല ഒരു പ്രതികരണം തന്നെ ആയിരുന്നു തുടക്കത്തിൽ വനിതകളുടെ ഭാഗത്തു നിന്ന് ലഭിച്ചത്. ഇയൊരാവേശം നല്ലൊരു തുക സമാഹരിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. ഇതോടൊപ്പം നൂറോളം വരുന്ന വിധവകളെ ബന്ധപ്പെടാനും അവരുടെ കാര്യങ്ങൾ അന്വേഷിക്കാനും, ഞങ്ങൾ പത്തോളം വരുന്ന സ്ത്രീകൾക്ക് അവസരം ലഭിക്കുകയുണ്ടായി. അതോടനുബന്ധിച്ചു അവരുടെ ചില പ്രാഥമിക ആവശ്യങ്ങൾ അറിയാനും അത് നിറവേറ്റാൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കാനും മവാഖിലൂടെ സാധിക്കുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഞങ്ങൾക്ക് (മവാഖ് വനിതകൾക്ക്) ലഭിച്ചത് വലിയൊരു അനുഗ്രഹമായി കരുതുന്നു.

മാവാഖിന്റെ സേവനങ്ങളിൽ അവർക്ക് ലഭിക്കുന്ന പങ്കിനെ കുറിച് അവർ വാതോരാതെ സ്നേഹത്തോടെ സംസാരിക്കുന്നുണ്ടായിരുന്നു. അവരുമായി ബന്ധം സ്ഥാപിച്ച എല്ലാവർക്കും പറയാനുണ്ടായിരുന്നത് ഇതു തന്നെയായിരുന്നു. അവരുടെ കാര്യങ്ങൾ ചോദിച്ചറിയുന്ന കൂട്ടത്തിൽ ചിലരിലുണ്ടായ മറ്റു അവശ്യ സഹായങ്ങളും ഞങ്ങളിൽ ചിലർ പലതുള്ളി പെരുവെള്ളം പോലെ നിവൃത്തിച്ചു കൊടുക്കാനും സാധിച്ചിരുന്നു. മാവാഖിൽ നിന്നും അവർക്ക് ലഭിക്കുന്ന കത്തിനെ കുറിച്ച് അവർ സന്തോഷത്തോടെ സംസാരിച്ചു. ചില എഴുത്തുകൾ സൂക്ഷിച്ച് വെക്കാറണ്ടെന്നും, പ്രയാസഘട്ടങ്ങളിൽ സാന്ത്വനം നിറഞ്ഞ അതിലെ വരികൾ ആശ്വാസമാണെന്നും ചിലർ പറയുകയുണ്ടായി.

ഓരോരുത്തരുടെയും സന്തോഷവും ഹൃദയം തുറന്ന പ്രാർത്ഥനയും, അവർക്ക് കിട്ടുന്ന ആ സഹായത്തിന്റെ വില, മവാഖിന്റെ കാരുണ്യ പ്രവർത്തനം എത്രയാണെന്ന് അവരുടെ വാക്കുകളിലൂടെ ഞങ്ങൾ അനുഭവിച്ചറിയുകയായിരുന്നു.

കഴിഞ്ഞ തവണ നാട്ടിൽ ആയിരുന്നപ്പോൾ വിധവകൾക്കു വേണ്ടി സംഘടിപ്പിച്ച ഒരു സ്നേഹസംഗമ പരിപാടിയിൽ യാദൃശ്ചികമായി പങ്കെടുക്കുകയുണ്ടായി. അന്നത്തെ കൂടി കാഴ്ച്ചയിൽ അവരുടെ ആ സ്നേഹവും പ്രാർത്ഥനയും നേരിട്ട് അറിയാനും മനസിലാക്കാനും ഈയുള്ളവൾക്ക് സാധിക്കുകയുണ്ടായി.

ഇതിന്റെ ഒരു ഭാഗമാകാൻ കഴിഞ്ഞതിൽ വളരെ അധികം സന്തോഷമുണ്ട്. ഇത്തരം കാരുണ്യ പ്രവർത്തങ്ങളുമായി മവാഖിന് ഏറെ മുന്നോട്ട് പോകാൻ കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു. ■

*(മവാഖ് വനിത വിംഗ് പ്രസിഡണ്ടാണ് ലേഖിക)*

## “നാടിനും നമുക്കും വേണ്ടി മവാഖിനൊപ്പം”

**“നാടിന്റെ നന്മയ്ക്ക് നമ്മുടെ പങ്ക്”**
**എന്ന വിഷയത്തിൽ പ്രമുഖ പരിശീലകനും തദ്‌രീബ് സ്റ്റേറ്റ് കോർഡിനേറ്ററുമായ**
**എസ്.വി.മുഹമ്മദലി മാസ്റ്റർ**
**ക്ലാസ് അവതരിപ്പിച്ചു.**





# പ്രവാസം പതിറ്റാണ്ട് പിന്നിടുമ്പോൾ

**മുനീർ എംപി**



“ഓരോ മടങ്ങി വരവുകളും പുനർജന്മങ്ങളാണ്.. ഓരോ അവധിക്കാലവും ഉത്സവങ്ങളാണ്”

പ്രവാസജീവിതത്തെ കുറിച്ച് ലളിതമായി ഇങ്ങനെ വിവരിച്ച ഒരു കുറിപ്പ് എവിടെയോ വായിക്കാനിടയായി. ജന്മനാടിനോടും ജനിച്ചുവീണത് മുതൽ കൂടെ ഉണ്ടായിരുന്നവരുമായി ഉടലെടുക്കുന്ന ആത്മബന്ധവും മനുഷ്യന്റെ സാമൂഹ്യ ജീവിത സങ്കൽപ്പങ്ങൾ ഉടലെടുത്ത കാലം മുതൽ അവനിൽ ലയിച്ചു ചേർന്ന ഒരു സങ്കല്പമാണ്. ഓരോ നാടിനും നാട്ടുകാർക്കും അവരുടേതായ സന്തോഷങ്ങളും സാമൂഹ്യപരമായ അടുപ്പവും എല്ലായ്‌പോഴും പല അളവുകളായി സമപ്പെട്ടു കിടക്കുകയായിരിക്കും.

ഒരു പ്രവാസി ആവുക എന്ന് പറയുമ്പോൾ ഈ അദൃശ്യമായ സങ്കല്പിക വളയം ഭേദിച്ചു മറ്റൊരു സമൂഹത്തിന്റെയും ചുറ്റുപാടുകളുടെയും ഉള്ളിലേക്കു കയറുക എന്നതാണ്. ഗൾഫ് നാടുകളിലേക്കുള്ള ത്വരിത ഗതിയിലുള്ള മലയാളികളുടെ സഞ്ചാരവും അതോടൊപ്പം കൈവരിച്ച സാമ്പത്തികമായ പുരോഗതിയും മലയാളികളുടെ ഇടയിൽ പ്രവാസി എന്ന പദത്തിന് സ്ഥായിയായ സ്വീകാര്യതയും അടുപ്പവും വളർത്തിയെടുക്കുന്നതിലേക് നയിക്കുകയായിരുന്നു.

ഒരു പതിറ്റാണ്ട് എന്ന് പറയുമ്പോൾ ഒരു പ്രവാസിയെ സംബന്ധിച്ച് പണ്ട് കാലങ്ങളെ അപേക്ഷിച്ചു ഇപ്പോൾ ഒരു വലിയ കാലഘട്ടം ആയി തോന്നേണ്ടതില്ല. കാരണം ഗ്ലോബൽ വില്ലേജ് എന്ന ഒരു കാഴ്ചപ്പാടിലേക്ക് നമ്മൾ പൂർണമായും മാറിക്കൊണ്ടിരിക്കുകയാണ്.

ഏറ്റവും സന്തോഷകരമായ ഒരു കാര്യം എന്തെന്നാൽ നമുക്ക് ആദ്യ വരവിൽ അത്ഭുതവും പിന്നീട് കുറച്ചു വിരസതയും നാടിനെ കുറിച്ചുള്ള നൊസ്റ്റാൾജിയകളും സമ്മാനിക്കുന്ന പ്രവാസ പതിയെ നമ്മുടെ ജന്മനാടിന്റെ ചുറ്റുപാടുകളാൽ തീർക്കപ്പെട്ട സങ്കല്പിക വളയത്തിലേക്ക് ലയിച്ചു ചേരുന്നു എന്നുള്ള യഥാർഥ്യമാണ്. അന്നം തരുന്ന നാടിനോട് കൂറും ഇഷ്ടവും അതോടൊപ്പം പ്രവാസി

സമൂഹം എന്നുള്ള വിശാലമായ ഒരു പട്ടികയിൽ അഭിമാനം കൊള്ളുകയും ചെയുന്ന ഒരു പൗരനല്ലാത്ത പൗരൻ ആയി ഓരോ പ്രവാസിയും അതാത് വിദേശ രാജ്യങ്ങളിൽ ജീവിതം കണ്ടെത്തി സന്തോഷവാന്മാരായിതീരുന്നു. വീതികുറഞ്ഞ റോഡുകളിൽ നിന്നും നമ്മൾ എത്തിച്ചേർന്ന മൂന്നു വരി അതിവേഗ പാതകൾ പതിയെ അഞ്ചും എട്ടും വരികളായി മാറുമ്പോൾ അഭിമാനം കൊള്ളുന്നു. മൂന്ന് നില കെട്ടിടങ്ങൾ വലിയ കോൺക്രീറ്റ് ടവറുകളിലേക്ക് രൂപ മാറ്റം പ്രാപിക്കുമ്പോൾ അത്ഭുതത്തോടെ നോക്കി നിൽക്കുന്നു.



പണ്ട് വിമാനമിറങ്ങിയ എയർപോർട്ടുകൾ ആധുനിക രൂപം പ്രാപിച്ചു സർവ്വ വിധ സൗകര്യങ്ങളോടെയും നമ്മളെ വരവേൽകുമ്പോൾ ഉള്ളിൽ തോന്നുന്ന സന്തോഷം നമ്മുടെ നാട്ടിലെയും ചില എയർപോർട്ടുകളിൽ കാണാൻ കഴിയുന്നു എന്നതാണ് പഴയ കാലഘട്ടവും ഇപ്പോഴത്തെതും തമ്മിൽ ഉള്ള പ്രധാന വ്യത്യാസം. സ്വന്തം നാട്ടിൽ സർവ മേഖലകളിലും ഗൾഫ് സ്വാധീനം നമുക്ക് ദർശിക്കാൻ കഴിയുന്നു. മുട്ടിനു മുട്ടിനു കാണുന്ന മന്തി കടകളും ഷവായികളും വിദേശ നിർമിത ആഡംബര വാഹനങ്ങളും ഒക്കെ ആയി നമ്മടെ നാടും മാറിക്കൊണ്ടിരിക്കുന്നത് കാണുമ്പോൾ പണ്ട് പത്തേമാരിയിൽ കടൽ കടന്ന പഴയ കാല പ്രവാസികൾക്കുള്ളിൽ ഒരു മനഃസുഖം അനുഭവിക്കാൻ പറ്റുമായിരിക്കും. പ്രവാസികൾ അവരുടെ ആവശ്യങ്ങൾക്ക് വേണ്ടി മുറവിളി കൂട്ടുമ്പോൾ അനുഭാവപൂർവ്വം പരിഹരിക്കാനുള്ള മനോഭാവം ഇന്നും പൂർണമായും തൃപ്തമല്ലാത്ത രീതിയിൽ തന്നെ തുടരുന്നത് ഈ ആധുനികവത്കരിക്കപ്പെട്ട സമൂഹത്തിലും നമുക്ക് ലജ്ജയുളവാക്കുന്നതായി തോന്നിയേക്കാം.

നമ്മൾ കേൾക്കുന്ന തപിക്കുന്ന മണൽകൂനകളിൽ വിയർപ്പൊഴുക്കി ആറ്റിക്കുറുക്കി സമ്പാദിച്ച പഴയ പ്രവാസകഥകളിൽ കേരളത്തിന്റെ ഒരു ജീവചരിത്രം കൂടെ ഉണ്ട്. ജീവിത ചെലവിലുണ്ടായ വർധനവും പ്രതികൂല സാഹചര്യങ്ങളും ഇന്നത്തെ പ്രവാസിയെ വല്ലാതെ ആകുലപ്പെടുത്തുന്നു എന്നത് ഒരു കടുത്ത യഥാർഥ്യമാണ്.

ഒരു സാമൂഹ്യജീവി എന്ന നിലയിൽ അവരവരുടെ കടമകളും ബാധ്യതകളും പാലിക്കാൻ ഇക്കാലത്തു പ്രവാസി സമൂഹം എക്കാലത്തെയും മികവിൽ ആണെന്നത് അഭിനന്ദനാർഹമാണ്. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും വിവര സാങ്കേതിക മേഖലയിൽ ഉണ്ടായ കാലാനുസൃതമായ മാറ്റങ്ങളുമൊക്കെ ഇതിനു സഹായിച്ചിട്ടുണ്ട്. കൊറോണ കാരണം പ്രയോഗികമല്ലാതിരുന്നിട്ടും സന്നദ്ധ സംഘടനകളും മറ്റും ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിച്ചു പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും മികവുറ്റതാക്കാനും കഴിയുന്ന നിലയിലേക്ക് വളർന്നു എന്നത് ഈ കാലഘട്ടത്തിലേക്ക്, അതിന്റെ ആവശ്യകതയിലേക്ക് എത്ര പെട്ടെന്ന് പ്രവാസ സമൂഹവും നടന്നടുക്കുന്നു എന്നുള്ളതാണ് തെളിയിക്കുന്നത്.

എന്നിരുന്നാലും ആശങ്കകളുടെ ഒരു കാലഘട്ടം കൂടിയാണ് പ്രവാസ സമൂഹത്തെ സംബന്ധിച്ചിടത്തോളം കടന്നു പോയികൊണ്ടിരിക്കുന്നത്. പഴയ കാലത്ത് കാണാതിരുന്ന സ്വദേശിവത്കരണവും, തൊഴിൽ മേഖലയിലെ കരാർ വ്യവസ്ഥകളും, ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക് ജോലികൾ പലതും മാറിയതും ഒക്കെ ആയി ഒരുപാട് ആശങ്കകൾ നിറഞ്ഞ ഒരു സാഹചര്യത്തിലാണ് നിലവിൽ ഗൾഫ് മേഖലയിലെ തൊഴിലിടങ്ങൾ. നാട്ടിലേക്ക് നീക്കിയിരിപ്പ് കണ്ടെത്തി വീണ്ടും ഒരു ജീവിതമാർഗം തേടാനുള്ള വഴികൾ അന്വേഷിച്ചു കൊണ്ടിരിക്കുന്ന ധാരാളം ആളുകളെ നമുക്ക് ചുറ്റും കാണാൻ കഴിയും. ആരോഗ്യ സംരക്ഷണം പണ്ടത്തെ സാഹചര്യങ്ങളിൽ കാണുന്നതിനേക്കാൾ എത്രയോ മികച്ച നിലയിൽ പ്രവാസികൾ പ്രാമുഖ്യം നൽകുന്നതും ഉത്തമമായ കാര്യങ്ങളായി തോന്നിയിട്ടുണ്ട്. എന്നിരുന്നാലും നാട്ടിലേക്കു പോയിട്ട് എന്ത് എന്ന ചോദ്യത്തിന് ഉത്തരം നൽകാൻ കഴിയാത്ത അവസ്ഥയിൽ തന്നെ തുടരുന്നവരാണ് പ്രവാസികൾ അധിക പങ്കും. പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഈ ചോദ്യത്തിന് ഉത്തരം നൽകാൻ കഴിയാതെ കുടുംബത്തിന് വേണ്ടി അഹോരാത്രം അധ്വാനിക്കുന്ന എത്രയോ ആളുകൾ. ആധുനികവത്കരണവും സാങ്കേതിക വളർച്ചയും എല്ലാം ഉണ്ടായിട്ടും നാട്ടിലേക്കു തിരിച്ചു പോകേണ്ടി വന്നാൽ എന്ത് എന്ന് ഒരു ചോദ്യ ചിഹ്നം പോലെ ഉള്ളിൽ ഒതുക്കി കൊണ്ട് ഒഴുക്കിനൊപ്പം നീന്തിക്കൊണ്ടിരിക്കുന്നവരാണ് ബഹുഭൂരിപക്ഷം പ്രവാസികളും.

ഓരോ അവധിക്കാലമാകുന്ന പുനർജന്മകളിലേക്ക് ഊളിയിടാനുള്ള വ്യഗ്രതയോടെ ഒരു യന്ത്രം പോലെ നീങ്ങുന്ന സമാന്തര സമൂഹമാകുന്ന പ്രവാസികൾ. സ്വന്തം നാട്ടിലെ സാമൂഹ്യ ജീവിതത്തിന്റെ പല അവസ്ഥാന്തരങ്ങളും നേരിട്ട് അനുഭവിക്കാതെ വാട്സാപ്പിലും ഫേസ്ബുക്കിലും കണ്ട് അഭിപ്രായങ്ങൾ പങ്കുവെച്ചു അവരോടൊപ്പം യാത്ര ചെയ്യുന്നവർ. അവഗണനകൾ ഉണ്ടായിട്ടും സ്വന്തം രാജ്യത്തോട് കൂറും അഭിമാനവും പുലർത്തുന്നവർ. നാടിന്റെ വികസനത്തിൽ വലുതും ചെറുതുമായി നിരന്തരം പങ്കാളികൾ ആവുന്നവർ. പ്രതീക്ഷകളും പരിഭവങ്ങളും കൂടെ കൊണ്ട് നടന്നു സന്തോഷവും സമാധാനവും കണ്ടെത്തുന്നവർ.

ഓർമകളാണ് പ്രവാസം. തലക്കെട്ടിൽ സൂചിപ്പിച്ച കുറിപ്പ് പോലെ, തപിക്കുന്ന മണൽകൂനകൾക്ക് മുകളിൽ ജീവിതത്തിന്റെ അർദ്ധ സ്വപ്നങ്ങളും അവസാനിക്കുമ്പോൾ അവധിക്കാലം എന്നത് ബാക്കിയുള്ള കറുത്ത ദിനങ്ങളെ പൊതിഞ്ഞു വെക്കാനുള്ള ചിത്രത്തുന്നലുള്ള ഒരു പുതപ്പാണ്. ജീവിതയാത്രയിൽ തന്റെ ചുറ്റുപാടും പ്രിയരേയും ഒക്കെ മാറ്റി നിർത്തി കടൽ കടന്നു വിശാലമായ പ്രവാസലോകത്തേക്ക് കാലെടുത്തു വച്ചവർക്ക് ഈ ഓർമ്മകൾ അല്ലാതെ മറ്റെന്താണുള്ളത്... ഉള്ളു നിറയെ സ്നേഹവും. ■


# തത്‌വീർ ഖുർആൻ പദ്ധതിയുടെ മാധുര്യം

**ഹവ്വ ഷഹന**



അൽഹംദുലില്ലാഹ്. നാഥനെ സ്തുതിച്ചുകൊണ്ട് തന്നെ ഞാൻ എന്റെ അനുഭവകുറിപ്പ് ഇവിടെ അവതരിപ്പിക്കട്ടെ. തത്-വീർ എന്ന മവാഖ് നടത്തുന്ന ഖുർആൻ പഠനപദ്ധതിയുടെ ഭാഗമാവാൻ കഴിഞ്ഞത് ഒരു മഹത്തായ സൗഭാഗ്യമായാണ് ഞാൻ കരുതുന്നത്. വിശുദ്ധ ഖുർആൻ എന്ന പടച്ച റബ്ബിന്റെ കലാമിനെ ഏറ്റവും മികച്ച രീതിയിൽ പാരായണം ചെയ്യാനും മനസ്സിലാക്കാനും ആഗ്രഹിക്കുന്നവരാണ് നമ്മളെല്ലാവരും. തജ്-വീദ് അനുസരിച്ച് ആയത്തുകളുടെ അർത്ഥം അറിഞ്ഞുകൊണ്ട് ഖുർആൻ പാരായണം ചെയ്യൽ ഏറ്റവും മഹത്വവും പ്രതിഫലാർഹവുമായ കാര്യമാണെന്നിരിക്കെ, ആയത്തുകളുടെ ആശയം ഉൾക്കൊണ്ട് പാരായണം ചെയ്യാൻ എനിക്ക് സാധിച്ചിരുന്നില്ല. അതിനുള്ള പരിശ്രമവും ഞാൻ നടത്തിയിരുന്നില്ല. അങ്ങിനെയിരിക്കെ വളരെ അവിചാരിതമായിട്ടാണ് മവാഖിന്റെ തത്-വീർ ഖുർആൻ പഠനപദ്ധതിയുടെ ഭാഗമാവാൻ, അൽഹംദുലില്ലാഹ് എനിക്ക് കഴിഞ്ഞത്. ഞങ്ങളുടെ പ്രിയപ്പെട്ട ഉസ്താദ്, ഏറ്റവും മികച്ചതും ലളിതവുമായ രീതിയിൽ ഖുർആന്റെ ആശയത്തെ മനസ്സിലാക്കാൻ ഞങ്ങളെ സഹായിച്ചിട്ടുണ്ട്. 75% അർത്ഥം അറിഞ്ഞ് കൊണ്ട് പാരായണം ചെയ്യാമെന്ന അറിയിപ്പോടെയായിരുന്നു ഈ പദ്ധതിക്ക് തുടക്കമിട്ടതെങ്കിലും, ടാർജറ്റിന്റെ 90% കൈവരിക്കാൻ ഇതിനകം പഠിതാക്കൾക്കും അതിന് മുഖ്യപങ്ക് വഹിക്കാൻ ഉസ്താദിനും കഴിഞ്ഞിട്ടുണ്ട്.

മറ്റൊരു വ്യത്യസ്ത അഭിപ്രായം എനിക്ക് പങ്കുവെക്കാനുള്ളത് പ്രായഭേദമന്യേ ഖുർആനിന്റെ മാധുര്യം നുണയാൻ പഠിതാക്കൾ കാണിച്ച ഉത്സാഹത്തെയാണ്. ഈ ക്ലാസിൽ വളരെ പ്രായം ചെന്നവരും വിദ്യാർത്ഥിനികളും വർദ്ധിച്ച ആവേശത്തോടെ പങ്കെടുത്തിരുന്നു. ഇത്തരം പദ്ധതികൾ മികച്ച രീതിയിൽ തന്നെ നടപ്പിലാക്കാൻ മവാഖ് കാണിക്കുന്ന ഉത്സാഹവും പ്രചോദനവും തികച്ചും പ്രശംസനീയമാണ്. ■




എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ
അഹമ്മദ് കരിങ്ങാറ്റിൽ
ടി.എം.സി സാദത്ത്
നൌഷാദ് പി.കെ
ജുനൈദ് മർവ
അബ്ദുസലാം.കെ

കോ-ഓർഡിനേറ്റർ
മുനീർ എം.പി

DESIGN
Brilliance Media
+91 9497 335752